(1)	(2)	(3)
മലപ്പുറം	238	129
കോഴിക്കോട്	116	67
വയനാട്	31	2
കണ്ണൂർ	13	10
കാസർഗോഡ്	11	6
ആകെ	791	457

(ബി & സി) അഞ്ച് വർഷത്തിൽ കുറയാത്തകാലം നിധിയിൽ നിക്ഷേപം അടച്ച് അംഗത്വം നിലനിർത്തിയ അംഗത്തിന് 65 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ലഭിക്കുന്ന പ്രതിമാസ പെൻഷന്റെ നിരക്ക് അനുബന്ധമായി* ചേർത്തിട്ടുണ്ട്. 20 വർഷത്തിൽ കുറയാത്ത കാലം നിക്ഷേപമടച്ച് അംഗത്വം നിലനിർത്തിവരുന്ന ഒരംഗം മദ്രസ്സ അദ്ധ്യാപക പ്രവൃത്തിയിൽ നിന്ന് സ്വയം വിരമിക്കുന്നപക്ഷം പ്രസ്തുത അംഗത്തിന് മിനിമം പെൻഷൻ തുകയായ 500 രൂപ ലഭിക്കുന്നതാണ്. മേൽപ്പറഞ്ഞ പ്രകാരം പെൻഷന് അർഹതയുള്ള ഒരംഗത്തിന് പെൻഷന് പകരം അംശദായം തിരിച്ചു നൽകൽ ആനുകൂല്യമായി ചേർത്തിരിക്കുന്ന പട്ടികയിലെ 6-ാം കോളത്തിൽ കാണിച്ച നിരക്കിലുള്ള തുക ലഭിക്കുന്നതാണ്.

(ഡി) 20 വയസ് പൂർത്തിയായതും 60 വയസ്സ് പൂർത്തിയാകാത്തതുമായ കേരളത്തിലെ മുഴുവൻ മദ്രസ അദ്ധ്യാപകർക്കും ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതാണ്. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിലേക്കുള്ള വിഹിതമടയ്ക്കാനും അംഗത്വത്തിനുള്ള അപേക്ഷ ശിപാർശ ചെയ്യാനും വിസമ്മതിക്കുന്ന മദ്രസ്സകളിലെ അദ്ധ്യാപകർ തൊഴിലുടമയുടേതടക്കമുള്ള പ്രതിമാസ വിഹിതം വീഴ്ച കൂടാതെ നിക്ഷേപിക്കുന്നതാണെന്നുള്ള പ്രത്യേക സത്യപ്രസ്താവന നൽകുന്നപക്ഷം അതിന്റെ അടിസ്ഥാനത്തിൽ അവർക്കും മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതാണ്.

മദ്രസ്സ അധ്യാപകരുടെ ക്ഷേമനിധിയുടെ ഘടന

187 (1657) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്രസ്സാ അദ്ധ്യാപകരുടെ ക്ഷേമനിധിയുടെ ഘടന വ്യക്തമാക്കുമോ ;

(ബി) ക്ഷേമനിധിയിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ക്ഷേമനിധിയിലെ അംശദായ ഇനത്തിൽ എത്ര തുക ലഭിച്ചുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് അസ്ഥാനമാക്കി പ്രവർത്തിക്കുന്ന മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആഫീസിന്റെ മാനേജർ ആണ് ക്ഷേമനിധിയുടെ എക്സിക്യൂട്ടീവ് ആഫീസർ പോസ്റ്റൽ വകുപ്പ്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. 20 വയസ്സ് പൂർത്തിയായതും 60 വയസ്സ് പൂർത്തിയാകാത്തതുമായ മദ്രസ അദ്ധ്യാപകർക്ക് ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്. 50 രൂപ മദ്രസ്സ കമ്മറ്റിയും 50 രൂപ മദ്രസ അദ്ധ്യാപകനും പ്രതിമാസം ക്ഷേമനിധിയിൽ അടയ്ക്കണം. പോസ്റ്റ് ഓഫീസുകളിലെ പലിശ രഹിത അക്കൗണ്ടിലാണ് പണം അടയ്ക്കേണ്ടത്. 65 വയസ്സ് പൂർത്തിയാകുന്നതുവരെ അംഗത്വം നിലനിർത്തുന്ന മദ്രസാദ്ധ്യാപകന് അംഗത്വ കാലയളവിന് ആനുപാതികമായി 500 രൂപ മുതൽ 5200 രൂപ വരെ പ്രതിമാസ പെൻഷൻ ലഭിക്കുന്നതാണ്. അംഗങ്ങളുടെ കാലശേഷമോ ക്ഷേമ പദ്ധതിയിൽ നിന്ന് പിൻവാങ്ങുകയോ ചെയ്യുമ്പോൾ അംഗങ്ങളുടെ പേരിലുള്ള നിക്ഷേപവും വർദ്ധിത ആദായവും പൂർണ്ണമായി അംഗങ്ങൾക്കോ അവകാശികൾക്കോ നൽകുന്നതാണ്. ആനുകൂല്യങ്ങൾ മാനേജർ ട്രഷറികൾ വഴി നൽകുന്നതാണ്.

(ബി)

ജില്ല	രജിസ്റ്റർ ചെയ്ത അപേക്ഷകളുടെ എണ്ണം	അംഗത്വം നൽകിയത്
തിരുവനന്തപുരം	144	106
കൊല്ലം	88	52
പത്തനംതിട്ട	3	3
ആലപ്പുഴ	23	17
കോട്ടയം	1	0
ഇടുക്കി	21	11
എറണാകുളം	59	26
തൃശ്ശൂർ	12	5
പാലക്കാട്	31	23
മലപ്പുറം	238	129
കോഴിക്കോട്	116	67
വയനാട്	31	2
കണ്ണൂർ	13	10
കാസർഗോഡ്	11	6
ആകെ	791	457

LIBRARY ARCHIVES Kerala Legislative Assembly

(സി)

ജില്ല	രജിസ്റ്റർ ചെയ്ത അപേക്ഷകളുടെ എണ്ണം	അംഗത്വം നൽകിയത്
തിരുവനന്തപുരം	28	7700
കൊല്ലം	...	...
പത്തനംതിട്ട	...	...
ആലപ്പുഴ	5	4100
കോട്ടയം	...	...
ഇടുക്കി	...	...
എറണാകുളം	5	1700
തൃശ്ശൂർ	2	800
പാലക്കാട്	4	1000
മലപ്പുറം	42	19700
കോഴിക്കോട്	19	10500
വയനാട്	...	...
കണ്ണൂർ	...	...
കാസർഗോഡ്	1	300
ആകെ	106	45800

ഹജ്ജ് തീർത്ഥാടനം

188 (1658) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് കർമ്മത്തിന് പോകാൻ 2010-ൽ എത്ര അപേക്ഷകൾ ലഭിച്ചിരുന്നു ;

(ബി) ഇതിൽ എത്രപേർക്ക് ഹജ്ജിന് പോകാൻ അനുവാദം നൽകിയെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ 2 വർഷം തുടർച്ചയായി അപേക്ഷ നൽകിയ 60 വയസ്സിന് മുകളിലുള്ള അപേക്ഷകരെ ഈ വർഷം നറുക്കെടുപ്പിൽ ഉൾപ്പെടുത്താതെ പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) 2011-ലെ ഹജ്ജ് തീർത്ഥാടനത്തിനുവേണ്ടി എന്തെല്ലാം ഒരുക്കങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly